**HADIA CSE Khutba Notes (04.10.2018)**

# ഉദാര ലൈംഗികത

സുപ്രിം കോടതിയുടെ വളരെ ശ്രദ്ധേയമായ മൂന്നു നിരീക്ഷണങ്ങളുടെ പശ്ചാതലത്തിലാണ് നാമിവിടെ സമ്മേളിച്ചിട്ടുള്ളത്.

ഒന്ന്, ശബരി മലയിൽ സ്ത്രീകൾക്ക് പ്രവേശിക്കുന്നതിന് കുഴപ്പമില്ല.
രണ്ട്, വിവാഹേതര ലൈംഗിക ബന്ധം കുറ്റകരമല്ല.
മൂന്ന്, സ്വവർഗ പ്രണയവും ലൈംഗികതയും നിയമവിധേയമാണ്.

ഇവയിൽ ആദ്യം പറഞ്ഞ കാര്യം നമുക്കിവിടെ ചർച്ചചെയ്യേണ്ട കാര്യമില്ല. അതോടൊപ്പം ഒരു കാര്യം നാമെല്ലാവരും തിരിച്ചറിയുക; പ്രസ്തുത വിധിയെ മുസ്‌ലിം സ്ത്രീകളുടെ പള്ളിപ്രവേശനവുമായി ബന്ധപ്പെടുത്താൻ ചില കോണുകളിൽ നിന്ന് ശ്രമം ഉടലെടുത്തിരിക്കുന്നു. ഇതിന് ഏറ്റവും ആദ്യം മുന്നോട്ടു വന്നത് നടി ഖുശ്ബു ആണെന്നതാണ് ഏറ്റവും വിചിത്രം.

എന്നാൽ ഇപ്പോഴത്തെ വിവാദത്തിന്റെ പശ്ചാതലത്തിൽ നമ്മുടെ ആഭ്യന്തര വിഷയങ്ങൾ ചർച്ച ചെയ്യാതിരിക്കുന്നതാണ് ഏറ്റവും ഉചിതം. അത് ശരീഅത്ത് സംരക്ഷിക്കാനുള്ള നമ്മുടെ ഒറ്റക്കെട്ടായുള്ള പോരാട്ടങ്ങളെ ദുർബലപ്പെടുത്തുക മാത്രമേ ചെയ്യുകയുള്ളൂ.

സ്ത്രീ പള്ളിപ്രവേശനം എന്നത് മുസ്‌ലിം സമുദായത്തിനകത്തെ വിഷയമാണ്. പാരമ്പര്യവാദികൾ അത് ഉചിതമല്ലെന്ന് വാദിക്കുമ്പോൾ ഉൽപതിഷ്ണുക്കൾ അതിന് കുഴപ്പമില്ലെന്ന് പറയുന്നു. രണ്ടു പക്ഷങ്ങൾ എടുത്ത് പരിശോധിച്ചാലും അത് മുസ്‌ലിം സമൂഹത്തിന്റെ ഒരു ഗാർഹിക വിഷയമാണ്. അതുകൊണ്ട് നമ്മുടെ തറവാട്ടിൽ ഇരുന്ന് തന്നെ അത് തീർക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. അല്ലാതെ കോടതി അടക്കമുള്ള ബാഹ്യശക്തികളെ അതിൽ ഇടപെടുവിക്കുകയല്ല. അങ്ങനെ വന്നാൽ ഇത്തരം അഭിപ്രായ വ്യത്യാസങ്ങൾ എടുത്തുകാട്ടി നമ്മുടെ മേൽ ശരീഅത്തിനു വിരുദ്ധമായ പുതിയ നിയമങ്ങൾ ഭാവിയിൽ അടിച്ചേൽപിക്കാൻ കോടതിക്ക് പ്രയാസമുണ്ടാവില്ല.

മുത്ത്വലാഖിനെ സംബന്ധിച്ചുള്ള കോടതി വിധിയിൽ ഇക്കാര്യം നാം കണ്ടതാണ്. മുസ്‌ലിം സമുദായത്തിൽ പെട്ട ചിലർ തന്നെ മുത്ത്വലാഖിനെ അംഗീകരിക്കുന്നില്ലെന്ന് അന്ന് സുപ്രീം കോടതി നിരീക്ഷിക്കുകയുണ്ടായി. ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡോ സമസ്തയോ മുത്ത്വലാഖ് നിരോധന ബില്ലിനെ എതിർക്കുന്നത് അവർക്കാർക്കും മുത്ത്വലാഖ് ചൊല്ലാൻ താൽപര്യം ഉള്ളത് കൊണ്ടല്ല. മറിച്ച്, ഇങ്ങനെ ശരീഅത്തിലെ ഓരോ വിഷയങ്ങൾ സ്പർശിച്ച് കോടതി പതുക്കെ പതുക്കെ ഏകസിവിൽ കോഡിലേക്ക് ചുവട് മാറുമെന്ന് ഭയം ഉള്ളത് കൊണ്ടാണ്. അതുകൊണ്ട് ഇപ്പോഴത്തെ സാഹചര്യത്തിൽ ശബരിമല വിഷയത്തെ മുസ്‌ലിം സ്ത്രീകളുടെ പള്ളിപ്രവേശനവുമായി ബന്ധപ്പെടുത്തുന്ന സമീപനം നാം ഉപേക്ഷിക്കുക.

സുപ്രീം കോടതിയുടെ മറ്റു രണ്ടു നിരീക്ഷണങ്ങൾ ഉദാര ലൈംഗികതയിലേക്കുള്ള വളരെ പ്രധാനപ്പെട്ട ചുവടുവെപ്പാണ്. എന്നാൽ ഉദാര ലൈംഗികത നടപ്പിലായ സമൂഹമെല്ലാം പരാജയപ്പെട്ടിട്ടുണ്ടെന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അല്ലാഹു നിരവധി അനുഗ്രഹങ്ങൾ ചൊരിഞ്ഞ് കൊടുത്ത (മാഇദ 20, ഇബ്‌റാഹീം 6, ബഖറ 122) ബനൂ ഇസ്രാഈല്യർ.

**عَنْ أَبِى سَعِيدٍ الْخُدْرِىِّ عَنِ النَّبِىِّ -صلى الله عليه وسلم- قَالَ « إِنَّ الدُّنْيَا حُلْوَةٌ خَضِرَةٌ وَإِنَّ اللَّهَ مُسْتَخْلِفُكُمْ فِيهَا فَيَنْظُرُ كَيْفَ تَعْمَلُونَ فَاتَّقُوا الدُّنْيَا وَاتَّقُوا النِّسَاءَ فَإِنَّ أَوَّلَ فِتْنَةِ بَنِى إِسْرَائِيلَ كَانَتْ فِى النِّسَاءِ » (مسلم)**

**عَنْ أَبِي سَعِيدٍ، قَالَ: خَطَبَنَا رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمًا بَعْدَ الْعَصْرِ، فَقَالَ فِي خُطْبَتِهِ: " أَلَا إِنَّ الدُّنْيَا خَضِرَةٌ حُلْوَةٌ، وَإِنَّ اللهَ عَزَّ وَجَلَّ مُسْتَخْلِفُكُمْ فِيهَا، فَنَاظِرٌ كَيْفَ تَعْمَلُونَ، فَاتَّقُوا الدُّنْيَا وَاتَّقُوا النِّسَاءَ، فَإِنَّ أَوَّلَ فِتْنَةٍ كَانَتْ فِي بَنِي إِسْرَائِيلَ مِنْ قِبَلِ النِّسَاءِ، حَتَّى إِنَّ الْمَرْأَةَ الْقَصِيرَةَ كَانَتْ**

**HADIA CSE Khutba Notes (04.10.2018)**

## ഉദാര ലൈംഗികത

**تَتَّخِذُ الْخُفَّيْنِ مِنَ الْخَشَبِ فَتُحَاذِي الْمَرْأَةَ الطَّوِيلَةَ، وَحَتَّى إِنَّ الْمَرْأَةَ كَانَتْ تَحْشُو خَاتَمَهَا مِنْ أَطْيَبِ الْمِسْكِ، فَإِذَا مَرَّتْ بِنَادِي الْقَوْمِ حَرَّكَتْ خَاتَمَهَا، فَإِذَا وُجِدَ رِيحُهَا سَأَلُوا عَنْهَا " (شعب الايمان)**

സ്ത്രീകൾ അണിഞ്ഞൊരുങ്ങി നടക്കുന്നത് പുരുഷൻമാരെ പ്രലോഭനത്തിന് വിധേയമാക്കുമെന്നത് വളരെ വ്യക്തമാണല്ലോ. ഇസ്രാഈല്യരിൽ ഇത് വ്യാപകമായിരുന്നു. കൃത്രിമ മുടി പിടിപ്പിക്കുന്ന ഒരു പരിഷ്കാരം അറേബ്യയിൽ വന്നപ്പോൾ മുആവിയ (റ) പ്രഖ്യാപിച്ചു:

**عَنْ حُمَيْدِ ابْنِ عَبْدِ الرَّحْمن، أَنَّهُ سَمِعَ مُعَاوِيَةَ بْنَ أَبِي سُفْيَانَ، عَامَ حَجَّ، عَلَى الْمِنْبَرِ، فَتَنَاوَلَ قُصَّةً مِنْ شَعَرٍ، وَكَانَتْ فِي يَدَيْ حَرَسِيٍّ فَقَالَ: يَا أَهْلَ الْمَدِينَةِ أَيْنَ عُلَمَاؤُكُمْ سَمِعْتُ النَّبِيَّ صلى الله عليه وسلم، يَنْهى عَنْ مِثْلِ هذِهِ، وَيَقُولُ: إِنَّمَا هَلَكَتْ بَنُو إِسْرَائِيلَ حِينَ اتَّخَذَهَا نِسَاؤُهُمْ (متفق عليه)**

വേറൊരു ഉദാഹരണമാണ് ജാഹിലി അറബികൾ. അവരുടെ കൂട്ടത്തിൽ പെട്ട ത്വർഫ പാടുന്നു:

**ولولا ثلاثٌ هُنّ مِنْ لَذّةِ الفتي**
**وَ جدّك لم احفل متي قام عُوّدي**
**و تقصيرُ يوم الدجن و الدجن معجب**
**بِبَهْكنة تحت الطراف المعمّد**

അവരുടെ കൂട്ടത്തിലെ ചില പെണ്ണുങ്ങൾ ഇതിനെ പിന്തുണക്കുകയും ചെയ്തിരുന്നു.

**وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِنْ زِينَتِهِنَّ وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ (النور) كانت المرأة في الجاهلية إذا كانت تمشي في الطريق وفي رجلها خلخال صامت - لا يسمع صوته -ضربت برجلها الأرض، فيعلم الرجال طنينه، فنهى الله المؤمنات عن مثل ذلك (ابن كثير)**

മറ്റൊരു ഉദാഹരണമാണ് കമ്യൂണിസം. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ വളരെ പ്രശസ്തമായ ഒരു വചനമാണ് കുടുംബം നശിപ്പിക്കുക എന്നത്. കമ്യൂണിസ്റ്റ് കാഴ്ചപ്പാടിൽ ഭാര്യയും വേശ്യയും തമ്മിലുള്ള ഏക വ്യത്യാസം, വേശ്യ കൂലിവേലക്കാരനെ പോലെ ശരീരത്തെ അപ്പപ്പോൾ വിൽപനക്ക് കൊടുക്കുമ്പോൾ ഭാര്യ അത് എന്നെന്നേക്കുമായി വിൽക്കുന്നു എന്നതാണ് (മാർക്സ്, എങ്കൽസ് തെരഞ്ഞെടുത്ത കൃതികൾ).

വേറൊരു ഉദാഹരണമാണ് പാശ്ചാത്യൻ സംസ്കാരം. അവിടെ വ്യഭിചാരം (Fornication) തെറ്റോ കുറ്റമോ അല്ല. ബർട്രാന്റ് റസ്സൽ: 'പ്രായപൂർത്തി എത്തിയവരുടെ ബന്ധങ്ങൾ തികച്ചും അവരെ മാത്രം ബാധിക്കുന്ന സ്വകാര്യ പ്രവർത്തനങ്ങളാണ്. നിയമമോ പൊതുജനാഭിപ്രായമോ അതിലിടപെടാൻ പാടുള്ളതല്ല'.

പ്രശസ്ത കവി ഷെല്ലി: 'മനുഷ്യന്റെ സുഖസന്തോഷത്തിന് ഏറെ ആഘാതമുണ്ടാക്കുന്ന സമ്പ്രദായമാണ് വിവാഹം'.

അതുകൊണ്ട് അവിടെ എയിഡ്സ് പോലുള്ള മാറാരോഗവും (യു.എസിൽ വർഷവും 56300 പേർക്ക് എയിഡ്സ് പിടിപെടുകയും 18000 പേർ മരിക്കുകയും ചെയ്യുന്നു) അവിഹിത ഗർഭവും (വർഷം മൂന്നര ലക്ഷത്തോളം കൗമാരക്കാരായ പെൺകുട്ടികൾ ഗർഭം ചുമക്കുന്നു) ഗർഭഛിദ്രവും (വർഷം മൂന്നു ലക്ഷം അവിഹിതരായ പെൺകുട്ടികൾ ഗർഭഛിദ്രം നടത്തുന്നു) ജാരസന്താനങ്ങളും വർധിക്കുന്നു.

**HADIA CSE Khutba Notes (04.10.2018)**

## ഉദാര ലൈംഗികത

ഇത്തരം കാര്യങ്ങളെപ്പറ്റി പ്രമുഖ സാമൂഹിക ശാസ്ത്രജ്ഞനായ ഡേവിഡ് ബ്ലാങ്കൻഹോൺ രചിച്ച കൃതിയാണ് ഫാദർലസ് അമേരിക്ക (പിതാവില്ലാത്ത അമേരിക്ക). ഇതിൽ പറയുന്നത് അമേരിക്കയിലെ 40% കുട്ടികൾക്കും യഥാർഥ അഛനെ അറിയില്ലെന്നാണ്. പാശ്ചാത്യൻ രാജ്യം നേരിടുന്ന വലിയ ഒരു പ്രതിസന്ധി തോക്കെടുക്കുന്ന 14 കാരൻമാരും കുട്ടിയെ പ്രസവിക്കേണ്ടി വരുന്ന 15 കാരികളുമാണെന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഇത്തരം സാഹചര്യത്തെ പറ്റി പ്രവാചകൻ (സ്വ) പറഞ്ഞു:

**خَرَجَ رَسُولُ اللَّهِ -صلى الله عليه وسلم- يَوْمًا فَزِعًا مُحْمَرًّا وَجْهُهُ يَقُولُ « لاَ إِلَهَ إِلاَّ اللَّهُ وَيْلٌ لِلْعَرَبِ مِنْ شَرٍّ قَدِ اقْتَرَبَ فُتِحَ الْيَوْمَ مِنْ رَدْمِ يَأْجُوجَ وَمَأْجُوجَ مِثْلُ هَذِهِ ». وَحَلَّقَ بِإِصْبَعِهِ الإِبْهَامِ وَالَّتِى تَلِيهَا. قَالَتْ فَقُلْتُ يَا رَسُولَ اللَّهِ أَنَهْلِكُ وَفِينَا الصَّالِحُونَ قَالَ « نَعَمْ إِذَا كَثُرَ الْخَبَثُ » (مسلم) وفسر العلماء الخبث أولاد الزنا (قرطبي)**

**عَنْ عَبْدِ اللَّهِ بْنِ عَمْرٍو ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : لاَ يَدْخُلُ الْجَنَّةَ وَلَدُ زِنْيَةٍ ، وَلاَ مَنَّانٌ ، وَلاَ عَاقٌّ ، وَلاَ مُدْمِنُ خَمْرٍ.**

**قَالَ أَبُو حَاتِمٍ : مَعْنَى نَفْيِ الْمُصْطَفَى صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَنْ وَلَدِ الزِّنْيَةِ دُخُولَ الْجَنَّةِ ، وَوَلَدُ الزِّنْيَةِ لَيْسَ عَلَيْهِمْ مِنْ أَوْزَارِ آبَائِهِمْ وَأُمَّهَاتِهِمْ شَيْءٌ ، أَنَّ وَلَدَ الزِّنْيَةِ عَلَى الأَغْلَبِ يَكُونُ أَجْسَرَ عَلَى ارْتِكَابِ الْمَزْجُورَاتِ (ابن حبان)**

**عَنْ عَائِشَةَ قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ هُوَ شَرُّ الثَّلَاثَةِ إِذَا عَمِلَ بِعَمَلِ أَبَوَيْهِ يَعْنِي وَلَدَ الزِّنَا (احمد)**

**قال الخطابي :اختلف الناس في تأويل قوله : «ولد الزنا شر الثلاثة» فقال بعضهم : إن ذلك إنما جاء في رجل بعينه كان موسوما بالشر ، وقال بعضهم : إنما صار ولد الزنا شرا من والديه ،لأن الحد يقام عليهما ، فتكون العقوبة تمحيصا لهما ، وهذا في علم الله تعالى ، لا يدري ما يفعل به في ذنوبه،وقال آخرون : معناه:أنه شر الثلاثة أصلا ونسبا ومولدا ، لأن خلق من ماء الزاني والزانية ،وهو ماء خبيث (جامع الاصول)**

ഖുർആനിലെ സനീം (ഖലം 14) എന്ന പദത്തെ ചിലർ പിതാവ് ഇല്ലാത്ത ജാരസന്തതി എന്ന് വ്യാഖ്യാനിച്ചിട്ടുണ്ട് (തഫ്സീർ ആലൂസി).

ശേഷം ബറൂസവി നിരീക്ഷിക്കുന്നു:

**فالزنى أقبح من الكفر من وجه فإن الله يخرج الحي من الميت أي المؤمن من الكافر بخلاف الرشيد من الزاني (تفسير روح البيان)**

അതുകൊണ്ട് പ്രകൃതിമതമായ ഇസ്‌ലാം (സൂറത്തു റൂം 30) ചാരിത്ര്യത്തെ അങ്ങേയറ്റം വിലമതിക്കുകയും ലൈംഗിക വിശുദ്ധിക്ക് ഏറെ പ്രാധാന്യം കൊടുക്കുകയും ചെയ്തു.

**قال رسول الله صلى الله عليه و سلم : اكفلوا لي بست أكفل لكم بالجنة إذا حدث أحدكم فلا يكذب وإذا وعد فلا يخلف وإذا اؤتمن فلا يخن وغضوا أبصاركم واحفظوا فروجكم وكفوا أيديكم (المعجم الكبير)**

**HADIA CSE Khutba Notes (04.10.2018)**

# ഉദാര ലൈംഗികത

**عن شَكَل بن حميد - رضي الله عنه - : قال : «أَتيتُ رسولَ الله -صلى الله عليه وسلم- ، فقلتُ : يا رسولَ الله ، عَلِّمْنِي تَعَوُّذا أَتَعَوَّذُ به ، فَأَخَذَ بكفِّي ، وقال : قُل: اللَّهمَّ إني أَعوذ بك من شرِّ سمعي، ومن شر بصري، ومن شر لساني، ومن شر قَلْبي ، ومن شر هني - يعني الفَرْجَ» و في رواية و من شر منيّي (ترمذي)**

ലോക സ്ത്രീകളുടെ നായികമാരുടെ പ്രത്യേകതയെന്താണ്?

**وَمَرْيَمَ ابْنَتَ عِمْرَانَ الَّتِي أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهِ مِنْ رُوحِنَا وَصَدَّقَتْ بِكَلِمَاتِ رَبِّهَا وَكُتُبِهِ وَكَانَتْ مِنَ الْقَانِتِين (تحريم)**

**عَنْ عَبْدِ اللهِ قَالَ : قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِنَّ فَاطِمَةَ أَحْصَنَتْ فَرْجَهَا فَحَرَّمَ اللَّهُ ذُرِّيَتَهَا عَلَى النَّارِ (حاكم و البزار)**

**إِنَّ الَّذِينَ يَرْمُونَ الْمُحْصَنَاتِ الْغَافِلَاتِ الْمُؤْمِنَاتِ لُعِنُوا فِي الدُّنْيَا وَالْآخِرَةِ وَلَهُمْ عَذَابٌ عَظِيمٌ (النور) فأمهات المؤمنين أولى بالدخول في هذا من كل محصنة، ولا سيما التي كانت سبب النزول، وهي عائشة بنت الصديق، رضي الله عنهما.**

ഒരു കവി പാടുന്നു:

**و عبدُ الهوي يمتاز مِنْ عبدِ ربِّه**

**لدي شهوة او عند صدْمِ البريّة**

ഇങ്ങനെ ചാരിത്ര്യം സംരക്ഷിക്കുന്ന വിശ്വാസികളുടെ നേതാവാണ് മഹാനായ യൂസുഫ് (അ) (സൂറത്തു യൂസുഫ് 51).

പ്രമുഖ സ്വൂഫി വര്യനായ സുലൈമാനുബ്നു യസാറിന്റെ ജീവിതത്തിൽ പെട്ട രണ്ടു സംഭവങ്ങൾ മഹാനായ ഇമാം ഗസ്സാലി (റ) ഉദ്ധരിക്കുന്നത് നോക്കുക.

**وروي أن سليمان بن يسار كان من أحسن الناس وجها فدخلت عليه امرأة فسألته نفسه فامتنع عليها وخرج هاربا من منزله وتركها فيه قال سليمان فرأيت تلك الليلة في المنام يوسف عليه السلام وكأني أقول له أنت يوسف قال نعم أنا يوسف الذي هممت وأنت سليمان الذي لم تهم أشار إلى قوله تعالى ولقد همت به وهم بها لولا أن رأى برهان ربه وعنه أيضا ما هو أعجب من هذا وذلك أنه خرج من المدينة حاجا ومعه رفيق له حتى نزلا بالأبواء فقام رفيقه وأخذ السفرة وانطلق إلى السوق ليبتاع شيئا وجلس سليمان في الخيمة وكان من أجمل الناس وجها وأورعهم فبصرت به أعرابية من قلة الجبل وانحدرت إليه حتى وقفت بين يديه وعليها البرقع والقفازان فأسفرت عن وجه لها كأنه فلقة قمر وقالت أهنئني فظن أنها تريد طعاما فقام إلى فضلة السفرة ليعطيها فقالت لست أريد هذا إنما أريد ما يكون من الرجل إلى أهله فقال جهزك إلى إبليس ثم وضع رأسه بين ركبتيه وأخذ في النحيب فلم يزل يبكي فلما رأت منه ذلك سدلت البرقع على وجهها وانصرفت راجعة حتى بلغت أهلها وجاء رفيقه فرآه وقد انتفخت عيناه من البكاء وانقطع حلقه فقال ما يبكيك قال خير ذكرت صبيتي قال لا والله إلا أن لك قصة إنما عهدك بصبيتك منذ**

**HADIA CSE Khutba Notes (04.10.2018)**

## ഉദാര ലൈംഗികത

**ثلاث أو نحوها فلم يزل به حتى أخبره خبر الأعرابية فوضع رفيقه السفرة وجعل يبكي بكاء شديدا فقال سليمان وأنت ما يبكيك قال أنا أحق بالبكاء منك لأني أخشى أن لو كنت مكانك لما صبرت عنها فلم يزالا يبكيان فلما انتهى سليمان إلى مكة فسعى وطاف ثم أتى الحجر فاحتبى بثوبه فأخذته عينه فنام وإذا رجل وسيم طوال له شارة حسنة ورائحة طيبة فقال له سليمان رحمك الله من أنت قال له أنا يوسف قال يوسف الصديق قال نعم قال إن في شأنك وشأن امرأة العزيز لعجبا فقال له يوسف شأنك وشأن صاحبة الأبواء أعجب (احياء علوم الدين)**

(എങ്ങനെ ഒരു വിശ്വാസിക്ക് തന്റെ ചാരിത്ര്യം സംരക്ഷിക്കാൻ കഴിയും? അതിന് എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം? വിശദമായ കുറിപ്പ് അടുത്ത ആഴ്ച)

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**